ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1489

14/12/2012 ൽ
മറുപടിക്ക്

## പുതിയ സാംസ്കാരിക നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, ജോസഫ് വാഴക്കൻ<br>,, പി. എ. മാധവൻ<br>,, റ്റി. എൻ. പ്രതാപൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ സാംസ്കാരിക നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. പുതിയ സാംസ്കാരിക നയം സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് 31/8/2011 ലെ സ.ഉ.(കൈ) നമ്പർ; 47/11/സിഎഡി പ്രകാരം പി.ടി.തോമസ് എം.പി. അദ്ധ്യക്ഷനായി ഒമ്പതംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് സ്വതന്ത്രാധികാരം നൽകുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സാംസ്കാരിക സ്ഥാപനങ്ങളുടെ സ്വതന്ത്രാധികാരം നിലനിർത്തുക എന്നതാണ് സർക്കാർ നയം. കമ്മിറ്റി സമർപ്പിച്ച കരട് സാംസ്കാരിക നയം സർക്കാർ പരിശോധിച്ചു വരികയാണ്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) പ്രസ്തുത നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി) ഉണ്ട്. കമ്മിറ്റി സമർപ്പിച്ച പുതിയ സാംസ്കാരിക നയം സംബന്ധിച്ച കരടിന്മേൽ ബന്ധപ്പെട്ട സാംസ്കാരിക സംഘടനകളിൽ നിന്നും മുൻ വിദ്യാഭ്യാസ മന്ത്രിമാരിൽ നിന്നും പൊതു ജനങ്ങളിൽ നിന്നും അഭിപ്രായം തേടിയിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ